സർക്കാർ വകുപ്പുകളിലെ കമ്പ്യൂട്ടർ വത്കരണ പ്രക്രിയ

46(785) ശ്രീമതി. എൻ.കെ. രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സർക്കാർ വകുപ്പുകളിലെ കമ്പ്യൂട്ടർവത്കരണ പ്രക്രിയ സാങ്കേതിക വകുപ്പിനെ ഏൽപ്പിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കമ്പ്യൂട്ടർ ഹാർഡ്വെയർ വാങ്ങുമ്പോൾ വിലയിലും സ്വഭാവത്തിലും ഏകീകൃത സ്വഭാവം ഉണ്ടാകുന്നതിലേക്ക് പ്രത്യേക ഏജൻസിയെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവിധ സർക്കാർ വകുപ്പുകളിലെ കമ്പ്യൂട്ടർവത്കരണ പ്രക്രിയ ഒരു പ്രത്യേക വകുപ്പിനെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ വിവിധ വകുപ്പുകളുടെ കമ്പ്യൂട്ടർവത്കരണ പദ്ധതികൾ ഐ.റ്റി. നയത്തിനനുസൃതമായി ഏകോപിപ്പിച്ച് നടപ്പാക്കാൻ ഐ.റ്റി.വകുപ്പ് സഹായിക്കുന്നു.

(ബി) സർക്കാർ വകുപ്പുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്വായത്തമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ വേണ്ട ശുപാർശ നൽകുന്നതിനായി ഐ.റ്റി. സെക്രട്ടറി, ധനകാര്യ(വിഭവ) സെക്രട്ടറി തുടങ്ങിയവർ അംഗങ്ങളായുള്ളൊരു വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ പരിശോധനയിലാണ്.

പരസ്യങ്ങൾക്ക് ചെലവഴിച്ച തുക

47(786) ശ്രീമതി കെ.ആർ. ഗൗരിയമ്മ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 1999 ഡിസംബർ 31 വരെ പി.ആർ.ഡി. മുഖേന എന്തു തുകയുടെ പരസ്യങ്ങളാണ് സർക്കാർ വിവിധ പത്രങ്ങൾക്ക് നൽകിയത്;

(ബി) ഓരോ പത്രത്തിനും പരസ്യത്തിന് നൽകിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 31.12.99 വരെ ഉദ്ദേശം 13 കോടി 5 1/2 ലക്ഷം രൂപയുടെ ടെണ്ടർ (നിയമാനുസൃത) പരസ്യങ്ങളും, രണ്ടു കോടിയോളം രൂപയുടെ പ്രചാരണ (ഡിസ്പ്ലേ) പരസ്യങ്ങളും വിവിധ പത്രങ്ങൾക്കായി നൽകിയിട്ടുണ്ട്.

(ബി) ഓരോ പത്രത്തിനും ടെണ്ടർ (നിയമാനുസൃത) പരസ്യങ്ങൾക്കും പ്രചാരണ (ഡിസ്പ്ലേ) പരസ്യങ്ങൾക്കും നൽകിയ തുക ഇനം തിരിച്ച് അനുബന്ധം (എ) യിൽ നൽകിയിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly